**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5807** **08-11-2021 - ൽ മറുപടിയ്ക്ക്**

**കുളം നിർമ്മിക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൃഷി ആവശ്യത്തിലേയ്ക്ക് കുളം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി റോയ് മാത്യു (കുറുമണ്ണിൽ വീട്, കട്ടപ്പന, ഇടുക്കി ജില്ല) അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അപേക്ഷ നൽകിയതെന്നും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്താണെന്നും വിശദമാക്കുമോ; | (എ) | കൃഷി ആവശ്യത്തിലേയ്ക്ക് കുളം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി ശ്രീ. റോയ് മാത്യു അപേക്ഷ നൽകിയിട്ടുണ്ട്. കട്ടപ്പന വില്ലേജാഫീസിൽ നിന്നും ഇടുക്കി ജിയോളജിസ്റ്റിന് 13.04.2018 ന് അപേക്ഷ ലഭിച്ചു. ആർ.ഡി.ഒ യിൽ നിന്നും എൻ.ഒ.സി. ഹാജരാക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകുന്നതിലേക്കായി ജില്ലാ ജിയോളജിസ്റ്റിന് മൈനിംഗ് & ജിയോളജി വകുപ്പ് ആസ്ഥാനത്ത് നിന്ന് 05.11.2018 ൽ കത്ത് അയച്ചിരുന്നു. എൻ.ഒ.സി. 01.09.2021 ന് വകുപ്പ് ആസ്ഥാനത്ത് ലഭിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| (ബി) | മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടറുടെ ഓഫീസിലുള്ള ഫയൽ നം. 10175/എം1/2018-ൽ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കൃഷി ആവശ്യത്തിലേയ്ക്ക് കുളം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി ശ്രീ. റോയ് മാത്യു അപേക്ഷ നൽകിയിട്ടുണ്ട്. കട്ടപ്പന വില്ലേജാഫീസിൽ നിന്നും ഇടുക്കി ജിയോളജിസ്റ്റിന് 13.04.2018 ന് അപേക്ഷ ലഭിച്ചു. ആർ.ഡി.ഒ യിൽ നിന്നും എൻ.ഒ.സി. ഹാജരാക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകുന്നതിലേക്കായി ജില്ലാ ജിയോളജിസ്റ്റിന് മൈനിംഗ് & ജിയോളജി വകുപ്പ് ആസ്ഥാനത്ത് നിന്ന് 05.11.2018 ൽ കത്ത് അയച്ചിരുന്നു. എൻ.ഒ.സി. 01.09.2021 ന് വകുപ്പ് ആസ്ഥാനത്ത് ലഭിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| (സി) | പ്രസ്തുത വകുപ്പിന്റെ ഇടുക്കി ജില്ലാ ഓഫീസിൽ നിന്നും അയച്ച 24.08.2021-ലെ ഡി.ഒ.1/626/എം/18 നമ്പർ കത്തു പ്രകാരമുള്ള അപേക്ഷയും ആർ.ഡി.ഒ യുടെ എൻ.ഒ.സിയും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് അയച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്നാണ് അയച്ചതെന്നും അറിയിക്കുമോ; കത്തിന്റെയും ഉള്ളടക്കങ്ങളുടെയും പകർപ്പ് ലഭ്യമാക്കുമോ; | (സി) | സർക്കാരിൽ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ആയത് ഡയറക്ടറേറ്റിൽ നിന്നും നാളിതുവരെ സർക്കാരിലേക്ക് അയച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | കുളം വലുതാക്കുന്നതിന് എത്ര അളവിൽ പാറ നീക്കം ചെയ്യണമെന്ന് ജില്ലാ ജിയോളജിസ്റ്റിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയതിന് ശേഷം അപേക്ഷയും അനുബന്ധ രേഖകളും തുടർ നടപടിക്കായി സർക്കാരിൽ സമർപ്പിക്കുന്ന താണെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | സർക്കാർ ഫയൽ പരിശോധിച്ച് വരികയാണെങ്കിൽ ഫയൽ നമ്പർ ,ബന്ധപ്പെട്ട സെക്ഷൻ എന്നീ വിവരങ്ങൾ വ്യക്തമാക്കുമോ; | (ഇ) | കുളം വലുതാക്കുന്നതിന് എത്ര അളവിൽ പാറ നീക്കം ചെയ്യണമെന്ന് ജില്ലാ ജിയോളജിസ്റ്റിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയതിന് ശേഷം അപേക്ഷയും അനുബന്ധ രേഖകളും തുടർ നടപടിക്കായി സർക്കാരിൽ സമർപ്പിക്കുന്ന താണെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (എഫ്) | ഇതിനോടകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എഫ്) | കുളം വലുതാക്കുന്നതിന് എത്ര അളവിൽ പാറ നീക്കം ചെയ്യണമെന്ന് ജില്ലാ ജിയോളജിസ്റ്റിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയതിന് ശേഷം അപേക്ഷയും അനുബന്ധ രേഖകളും തുടർ നടപടിക്കായി സർക്കാരിൽ സമർപ്പിക്കുന്ന താണെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ